"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്- കുഞ്ചിപ്പാറ, തലവച്ചപ്പാറ പട്ടികവർഗ്ഗ നഗറുകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് വീട് വൈദ്യുതീകരിക്കുന്നതിന് മാർഗ്ഗരേഖപ്രകാരമുള്ള കണക്റ്റഡ് ലോഡിന്റെ പരിധി, പ്രതിമാസ ഉപഭോഗ നിരക്കിലെ പരിധി എന്നീ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് വീട് വൈദ്യുതീകരണത്തിന് ധനസഹായം അനുവദിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1723/2024/LSGD തീയതി,തിരുവനന്തപുരം, 19-09-2024

---

പരാമർശം:-

1. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022.
2. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21/02/2024-ലെ കത്ത്.
3. കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 18/01/2024-ലെ 5(1) നമ്പർ തീരുമാനം.
4. 13/08/2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.1 നമ്പർ തീരുമാനം.

**ഉത്തരവ്**

കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ ഉൾപ്പെട്ട കുഞ്ചിപ്പാറ, തലവച്ചപ്പാറ പട്ടികവർഗ്ഗ നഗറുകളിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിനായി 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണ്. പരാമർശം (1) പ്രതിപാദിക്കുന്ന മാർഗ്ഗരേഖ പ്രകാരം നാല് പോയിന്റെങ്കിലും ഉള്ള രീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ഇ.എൽ.സി.ബി) സഹിതമുള്ള വയറിംഗ്, കണ്ക്റ്റഡ് ലോഡ് 500 വാട്സിൽ താഴെയും, പ്രതിമാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുമായിട്ടുള്ള കുടുംബത്തിനാണ് ധനസഹായത്തിന് അർഹതയുള്ളത്. ഇതിന്റെയടിസ്ഥാനത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് കുഞ്ചിപ്പാറ, തലവച്ചപ്പാറ എന്നീ പട്ടികവർഗ്ഗ നഗറുകളിലെ വീടുകളിൽ വയറിംഗ് നടത്തി. എന്നാൽ ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകളിലെല്ലാം കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രപ്രകാരം 500 വാട്സിന് മുകളിലാണ് കണക്റ്റഡ് ലോഡ്.

2. പട്ടിക വർഗ്ഗ നഗറിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ഭൂമിക്കടിയിലൂടെയാണ് വൈദ്യുതി കേബിൾ വലിച്ചത്. ദുർഘടമായ പ്രദേശമായതിനാൽ ഭാവിയിലെ അധികമായ ആവശ്യങ്ങൾകൂടി മുന്നിൽക്കണ്ടുകൊണ്ട് വീട് വയറിംഗ് നടത്തിയതിനാൽ കണക്റ്റഡ് ലോഡ് 500 വാട്സിൽ

അധികരിക്കുകയുണ്ടായി. ഈ പ്രദേശത്തെ പട്ടിക വർഗ്ഗ വീടുകളിൽ കാട്ടാനകളെ അകറ്റിനിർത്താൻ വീടിനു ചുറ്റും അധികമായി ബൾബിടേണ്ട സാഹചര്യവുമുണ്ട്. നിലവിൽ കേരളസംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ദാരിദ്ര്യ രേഖക്ക് താഴെയുള്ള 1000 വാട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നല്കിവരുന്നുണ്ട്.

3. കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ഉൾപ്പെട്ട കുഞ്ചിപ്പാറ, തലവച്ചപ്പാറ പട്ടികവർഗ്ഗ നഗറിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കണക്റ്റഡ് ലോഡിന്റെ പരിധി 500 എന്നത് ഒഴിവാക്കിയും പ്രതിമാസ ഉപഭോഗനിരക്കിന്റെ പരിധി ഒഴിവാക്കിയും വീട് വയറിംഗിന് ധനസഹായം അനുവദിക്കാൻ അനുമതി നല്കണമെന്നുള്ള പരാമർശം (2)-ലെ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ ആനശല്യമുള്ള പ്രദേശമാണെന്നും, പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾ ആണെന്നും പരിഗണിച്ച് മാർഗ്ഗരേഖപ്രകാരമുള്ള വീട് വൈദ്യുതീകരണം, കണക്റ്റഡ് ലോഡ്, പ്രതിമാസ ഉപഭോഗം എന്നീ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് വീട് വൈദ്യുതീകരണത്തിന് ധനസഹായം അനുവദിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം ജില്ല.

സെക്രട്ടറി, കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 19-09-2024 10:49:42

സെക്ഷൻ ഓഫീസർ.